# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്., വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ഓ.ആർ.സി. - ഓ.ആർ.സി. പദ്ധതിയുടെ ഭാഗമായി ജില്ലാതല സ്മാർട്ട്-40 ക്യാമ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. 27.08.2020, 25.09.2020 എന്നീ തീയതികളിലെ ലെ ഈ ഓഫീസിലെ ഇതേ നമ്പറിലുള്ള ഉത്തരവ്.

2.10.02.2021 ലെ കാസർഗോഡ് ഡി.സി.പി.ഒ. യുടെ കത്ത് നം .DCPU/KSD/209/2021

3.03.03.2021 ലെ കാസർഗോഡ് ഡി.സി.പി.ഒ. യുടെ കത്ത് നം. DCPU/KSD/209/2021

## ഉത്തരവ് നമ്പർ ICPS 4(C)/2233/20 തീയതി : 06.03.2021

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി വിവിധ തരത്തിലുള്ള വൈകാരിക - ശാരീരിക - മാനസികാരോഗ്യ - പഠന വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികളെ ഓ.ആർ.സി. വിദ്യാർത്ഥിയെ അറിയാൻ കാർഡ് മുഖേന കണ്ടെത്തിയിട്ടുള്ള കുട്ടികൾക്ക് SMART - 40 ക്യാമ്പ് നടത്തിവരുന്നു. ടി ക്യാമ്പിലൂടെ കുട്ടികൾ വ്യത്യാസങ്ങൾ പ്രകടിപ്പിയ്ക്കുന്നുണ്ടെന്ന് അദ്ധ്യാപകരും രക്ഷിതാക്കളും ഒരു പോലെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പരാമർശം (1) പ്രകാരം ജില്ലകളിൽ SMART-40 ക്യാമ്പുകൾ സംഘടിപ്പിയ്ക്കുന്നതിനായുള്ള തുക അനുവദിച്ചും ആയത് സംഘടിപ്പിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു.

പരാമർശം (2) പ്രകാരം 16 സ്കൂളുകളിൽ സ്മാർട്ട്-40 ക്യാമ്പുകൾ പൂർത്തികരിക്കുന്നതിനായി കാസർഗോഡ് ഡി.സി.പി.ഒ പ്രൊപ്പോസലും ആയതിനുള്ള തുകയും ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം (1) പ്രകാരം അനുവദിച്ച തുക 10 സ്കൂളുകളിലെ ക്യാമ്പുകൾക്ക് വിനിയോഗിച്ചു കഴിഞ്ഞുവെന്നും ബാക്കി 6 സ്കൂളുകളിലെ സ്മാർട്ട്-40 ക്യാമ്പുകൾ പൂർത്തീകരിക്കാനായി 50,350/- രൂപ ആവശ്യമുള്ളതായി ഡി.സി.പി.ഒ. അറിയിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം സ്മാർട്ട്-40 ഫണ്ട് വിനിയോഗിച്ചതിൻെറ ധനവിനിയോഗ സാക്ഷ്യപത്രം ഡി.സി.പി.ഒ. സമർപ്പിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സ്മാർട്ട്-40 ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി അധികമായി വരുന്ന തുകയായ **50,350/-** രൂപ (അൻപതിനായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) ഓ.ആർ.സി.യുടെ ശീർഷകമായ **2235 – 02 – 102 – 36 (P) 01** ലെ സ്മാർട്ട്-40 ലൈഫ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന കംപോണന്റിൽ നിന്നും വഹിയ്ക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി തുക വനിത ശിശു വികസന ഓഫീസർ മുഖാന്തിരം കാസർഗോഡ് ഡി.സി.പി.ഒ. യ്ക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്.

കാസർഗോഡ് ജില്ലാ ശിശു സംരക്ഷണ ഓഫീസർ SMART - 40 ക്യാമ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആയതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഡി.സി.പി.ഒ. ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന വകുപ്പ് ഡയറക്ടർ
&മെമ്പർ സെക്രട്ടറി,SCPS

പകർപ്പ്:

1. ജില്ലാ വനിത ശിശു വികസന ഓഫീസർ (കാസർഗോഡ്)
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർ (കാസർഗോഡ്)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്(അലോട്ട്മെന്റ് നൽകുന്നതിനായി)
4. ICPS 4 & സ്റ്റോക്ക്ഫയൽ

Web.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്